**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4955** **04-07-2024 - ൽ മറുപടിയ്ക്ക്**

**വടവന്തൂർ പാലം നിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ വടവന്തൂർ പാലം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിലെ വടവന്തൂർ പാലം നിർമ്മാണം പൂർത്തീകരിച്ചു. അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോഴാണ് ആരംഭിച്ചത്; എത്ര സമയമാണ് പ്രവൃത്തിക്ക് അനുവദിച്ചിരിക്കുന്നത്; എത്ര തവണ കരാർ കാലാവധി നീട്ടിനൽകി; എത്ര തുക പിഴ ഈടാക്കി; എന്നിവ വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി 21-08-2020 തീയതിയിൽ ആരംഭിച്ചു. 18 മാസമാണ് പ്രവൃത്തിയുടെ കാലാവധി. ഇതുവരെ 5 തവണ പ്രവൃത്തിക്കുവേണ്ടി കരാർ കാലാവധി നീട്ടി നല്കി. കരാറുകാരനിൽ നിന്നും പിഴയായി ഇതുവരെ 450000/- രൂപ ഈടാക്കിയിട്ടുണ്ട്. |
| (സി) | പാലം പണി അടിയന്തരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; നിർമ്മാണം പൂർത്തീകരിച്ച് എപ്പോൾ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | നിലവിലെ മൺസൂൺ മഴ നിലയ്ക്കുന്ന മുറയ്ക്ക് ടാറിങ് (മെക്കാഡം ടാറിങ്) ചെയ്ത് സെപ്റ്റംബർ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ